സഹകരണരംഗത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രൊഫഷണൽ കോളേജുകളും

108 (1260) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ രംഗത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രൊഫഷണൽ കോളേജുകളും ആരംഭിക്കുവാനുള്ള എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) പ്രൊഫഷണൽ രംഗത്ത് ഏതൊക്കെ കോഴ്സുകൾ സഹകരണ മേഖലയിൽ ആരംഭിക്കുവാനാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മേഖലകൾക്ക് മുൻതൂക്കം നൽകി സഹകരണ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സഹകരണ രംഗത്ത് പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുന്നതിന് കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ എന്ന ഒരു സ്ഥാപനം തുടങ്ങിയിട്ടുണ്ട്.

(ബി) ഈ അക്കാദമിയുടെ കീഴിൽ വിവിധ എഞ്ചിനീയറിംഗ് കോഴ്സുകളും എം.ബി.ബി.എസ്, എം.ബി.എ. എം.സി.എ. എന്നീ കോഴ്സുകളും ആരംഭിക്കുവാനാണ് പദ്ധതികൾ ആരംഭിച്ചിട്ടുള്ളത്.

(സി) അനുയോജ്യമായ സ്ഥലം അക്കാദമിക്ക് സൗജന്യമായി ലഭിച്ചാൽ അവിടെ പ്രൊഫഷണൽ കോളേജ് സ്ഥാപിക്കുന്നതിന് അക്കാദമി നടപടി സ്വീകരിക്കുന്നതാണ്.

ഇളങ്കുളം സഹകരണ ബാങ്കിൽ നടന്ന അഴിമതി

109 (1261) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ ഇളങ്കുളം സഹകരണ ബാങ്കിൽ നടന്ന അഴിമതി സംബന്ധിച്ച് സഹകരണ വകുപ്പ് നടത്തിയ അന്വേഷണത്തിൽ ആരെല്ലാമാണ് കുറ്റക്കാർ എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവർക്ക് എതിരെ എന്ത് നടപടിയാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് ;

(സി) കുറ്റക്കാരായ ബാങ്ക് ജീവനക്കാർക്ക് എതിരെ മാത്രം നടപടി സ്വീകരിക്കുകയും മറ്റുള്ള കുറ്റക്കാർക്ക് എതിരെ നടപടി സ്വീകരിക്കുവാൻ കാലതാമസം വരുത്തുന്നതായുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ജീവനക്കാർ അല്ലാത്ത ആർക്കെങ്കിലും എതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly